# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1417** **02.03.2017-ൽ മറുപടിയ്ക്ക്**

**ദേവികുളങ്ങര പഞ്ചായത്തിലെ റ്റി.എം. ചിറ - ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര പഞ്ചായത്തിലെ റ്റി.എം. ചിറ - ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈകുന്ന സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ടി.എം.ചിറ ആയിരം തെങ്ങ് പാലനിർമ്മാണ പ്രവൃത്തിക്ക് 13-9-2013-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പാലത്തിലേക്കുള്ള അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുമെന്നറിയിച്ചിരുന്നെങ്കിലും നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടൽക്കാട് ഉൾപ്പെടുന്ന ഭാഗമായതിനാൽ പരിസ്ഥിതി പ്രവർത്തകരിൽ നിന്നും എതിർപ്പു ണ്ടായതിനെ തുടർന്ന് പഞ്ചായത്തിന് സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് സാധിക്കാതെ വന്നു. ക ണ്ടൽക്കാട് ഒഴിവാക്കി പ്രവൃത്തിക്ക് സ്ഥലം ലഭ്യമാണോയെന്ന് പരിശോധിക്കുന്നതിനായി കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫിഷ്ഫാമിന്റെ കിഴക്കുഭാഗത്ത് 7 മീറ്റർ വീതിയിൽ ഫിഷ്ഫാമിന്റെ ഭൂമി അപ്രോച്ച് റോഡിനായി വിട്ടുനൽകികൊ ണ്ട് ഫിഷറീസ് ഡയറക്ടർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തിക്ക് 250 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 3 തവണ ഇ-ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. പുനർ ദർഘാസിൽ ലഭിച്ചത് 37% അധികത്തിലുള്ള ദർഘാസ് ആയതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി പുനഃദർഘാസ് ക്ഷണിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. |

ടി പാലത്തിന്റെ ലൊക്കേഷനിൽ വ്യത്യാസം വന്നതിനാൽ ഇപ്പോൾ പാലം നിർമ്മിക്കേണ്ട അലൈമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്നതിനനുസൃതമായി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതാണ്.

| | | |
|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്നും വിശദമാക്കാമോ? | ബി) പാലത്തിന്റെ പുതിയ ലൊക്കേഷനിലെ അലൈൻമെന്റിലെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്കായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. 1 മാസം കൊണ്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനു ശേഷം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ആഫീസർ